## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3586 — 23.06.2014 ൽ മറുപടിയ്ക്ക്

### ഖനനത്തിനുള്ള പരിസ്ഥിതി അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഖനനത്തിന് അനുമതി കൊടുക്കുന്നതിന് മുമ്പ് പരിസ്ഥിതി ആഘാത പഠനം നടത്തണമെന്ന സുപ്രീം കോടതി വിധി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ വിധിയുടെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇത് സംബന്ധമായി സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ? | (സി) | ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയെ അടിസ്ഥാനമാക്കി, ഖനന പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി ആഘാത പഠനം നിർബ്ബന്ധമാക്കിക്കൊണ്ട് 24.12.2013 ന് J-13012 /12/2013-IAII(1)നമ്പർ ഓഫീസ് മെമ്മോറാണ്ടം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി, സംസ്ഥാനത്ത് കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ (KMM CR-1967) ഭേദഗതി വരുത്തുന്നതിനുള്ള പ്രക്രിയ വ്യവസായ വകുപ്പിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ